പോലീസ് വകുപ്പ്

കേരളം

**No. G2(a)-54603/2025/DR**

ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
spkkdrl.pol@kerala.gov.in
04962523031
തീയതി. 13-10-2025

**ഔദ്യോഗിക വിജ്ഞാപനം**

**ഫാമിലി വുമൺ കൗൺസിലർ നിയമനം**

**വിഷയം: 2025-2026 വർഷത്തെ ജെൻഡർ അവയർനസ് സ്റ്റേറ്റ് പ്ലാൻ സ്കീം പ്രകാരം, കോഴിക്കോട് റൂറൽ ജില്ലയിൽ വനിതാ സെല്ലിനു കീഴിലുള്ള ഫാമിലി വുമൺ കൗൺസിലർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് യോഗ്യരായ ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക/ ഗാർഹിക പീഡന/ സ്ത്രീധന പീഡനങ്ങൾ സംബന്ധമായ പ്രശ്നങ്ങൾ ഫലപ്രദമായി ചെറുക്കുന്നതിനും അതിജീവിതക്ക് നിയമം അനുശാസിക്കുന്ന പ്രതിവിധികൾ ലഭ്യമാക്കുന്നതിനും വേണ്ടി ഫാമിലി വുമൺ കൗൺസിലർമാരെ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.(*സർക്കാർ ഉത്തരവ് നമ്പർ: GO(Rt) 2755/2025/Home തീയതി: 14/08/2025 പോലീസ് ആസ്ഥാനത്തുനിന്നുള്ള കത്ത് നമ്പർ: Q1-180716/2025/PHQ തീയതി: 09/10/2025*)

| തസ്തിക | ഒഴിവുകളുടെ എണ്ണം | നിയമന കാലയളവ് | നിയമന സ്ഥലം (സബ് ഡിവിഷൻ) | മാസ വേതനം |
|---|---|---|---|---|
| ഫാമിലി വുമൺ കൗൺസിലർ | 2 | 31/03/2026 വരെ | പേരാമ്പ്ര സബ് ഡിവിഷൻ, താമരശ്ശേരി സബ് ഡിവിഷൻ | 17000/- |

**യോഗ്യതാ മാനദണ്ഡങ്ങൾ**

- വിദ്യാഭ്യാസ യോഗ്യത:- സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം (Post Graduate Degree) ഉണ്ടായിരിക്കണം.
- കൗൺസിലിങ്ങിൽ രണ്ടു വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം.
- പ്രായപരിധി: 40 വയസ്സിൽ കവിയരുത്.

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

യോഗ്യരായ ഉദ്യോഗാർഥികൾ അവരുടെ വിശദമായ അപേക്ഷയും, യോഗ്യത തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, ബയോ ഡാറ്റ, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം **ജില്ലാ പോലീസ് മേധാവി, ജില്ലാ പോലീസ് ഓഫീസ് , കോഴിക്കോട് റൂറൽ,പുതുപ്പണം- 673105** എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

- **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി: 20.10.2025.**
- **സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.**
- **ഇതൊരു കരാർ അടിസ്ഥാനത്തിലുള്ള താൽക്കാലിക നിയമനമാണ്.**

G2(a)-54603/2025/DR 4eb7c6

Baiju K E IPS
ജില്ലാ പോലീസ് മേധാവി